മജിസ്ട്രേട്ടുകോടതികളിൽ നിയമിക്കേണ്ടിവന്നു. മജിസ്ട്രേട്ടുകോടതികളിൽ ജോലി ചെയ്ത പരിചയം ഉണ്ടായിരുന്നവർക്ക് മുൻഗണന നൽകിയാണ് ഈ നിയമനം നടത്തിയിട്ടുള്ളതു്.

(ബി) ഇല്ല.

(സി) ഒരു അപേക്ഷ ഗവണ്മെൻറ് ലേയ്ക്കു് അയയ്ക്കേണ്ടതില്ല എന്നു കളക്ടർ തീരുമാനിച്ചിട്ടുണ്ടു്.

(ഡി) ഇല്ല.

റോഡുനിർമ്മാണം.

* 185. [77] ശ്രീമതി കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുനിർമ്മാണത്തിനായി വിഭജിക്കാതെ ഇനി എതെങ്കിലും തുക നീക്കിവച്ചിരുപ്പുണ്ടോ;

(ബി) ഉൾനാടൻ ഗ്രാമങ്ങളിലെ റോഡാവശ്യം പരിഗണിച്ചു് അടിയന്തിരപ്രാധാന്യമുള്ള പ്രദേശങ്ങൾക്കു മുൻഗണന കൊടുക്കുമോ;

(സി) കണ്ണോത്തുക്കുഴി പഞ്ചായത്തിൽനിന്നു കണ്ണോത്തുക്കുഴി–മുഹമ്മ റോഡിൽ ഒന്നാംമൈലിൽനിന്നു വടക്കോട്ടു് ഒരു റോഡു് ആവശ്യപ്പെട്ടിട്ടു എന്തു തീരുമാനമെടുത്തു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

(എ) തന്നാണ്ടിലെ ബഡ്ജറ്റിൽ വിഭജിക്കാതെ യാതൊരു തുകയും നീക്കിയിരിപ്പില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റോഡുപണിക്കാവശ്യമുള്ള സ്ഥലം സൌജന്യമായി കിട്ടുകയും മൺവേല പഞ്ചായത്തിൽനിന്നും പൂർത്തിയാക്കുകയും ചെയ്തതിനു ശേഷം റോഡു് ഏറ്റെടുക്കുന്നതിനെപ്പറ്റി സബ്ഡിവിഷൻ കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചു് നടപടികൾ എടുക്കുന്നതാണു്.

പബ്ലിക്കു് ശ്മശാനത്തിനു ചുറ്റുമുള്ള സ്ഥലങ്ങൾ.

* 186. (78) ശ്രീമതി കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്കു് ശ്മശാനത്തിനു ചുറ്റുമുള്ള സ്ഥലങ്ങൾ വേറെ എന്തെങ്കിലും സ്ഥാപനങ്ങൾക്കു പതിച്ചുകൊടുക്കുക ഒരു നയമായി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചേർത്തല മുനിസിപ്പൽ ശ്മശാനത്തിനു ചുറ്റുമുള്ള സ്ഥലം ഏതെങ്കിലും സ്ഥാപനത്തിനു പതിച്ചുകൊടുക്കുകയോ, കുത്തകപ്പാട്ടത്തിനു കൊടുക്കുകയോ, ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു കാൻസൽ ചെയ്തു കിട്ടണമെന്നു ചേർത്തല മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവണ്മെൻറ് അതിന്മേൽ എന്തു തീരുമാനമെടുത്തു?

LIBRARY ARCHIVES Kerala Legislative Assembly